## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3437 — 24.06.2013-ൽ മറുപടിയ്ക്ക്

**<u>പാൻമസാലകൾ അതിർത്തി കടത്തികൊണ്ടുവരുന്നത് തടയാൻ നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനധികൃതമായി അതിർത്തി കടത്തി പാൻമസാലകൾ കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് ചില ജില്ലകളിൽ അനധികൃതമായി അതിർത്തി കടത്തി പാൻമസാലകൾ കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് തടയുന്നതിന് ചെക്ക് പോസ്റ്റുകളിൽ സംസ്ഥാന പോലീസിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കൂടുതൽ പോലീസുകാരെ നിയോഗിച്ച് ചെക്ക് പോസ്റ്റുകളിൽ കർശന വാഹന പരിശോധനയും രഹസ്യ നിരീക്ഷണവും തുടരെയുള്ള റെയിഡുകളും നടത്തി കുറ്റക്കാരെ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇത്തരം കേസുകളിൽ നിലവിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഇതു സംബന്ധിച്ച് 41 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും 40 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ